2113133/2024/FC DE

# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

## MAHATMA GANDHI UNIVERSITY KOTTAYAM

# INFORMATION BULLETIN

## FEBRUARY - 2024



CHIEF: Dr. RAJESH MANY

DEPUTY CHIEF(I/C): BIJU N

# ഉള്ളടക്കം

പേജ് 03–08 : തൊഴിൽ അവസരങ്ങൾ
പേജ് 08–09 : പൊതുവിജ്ഞാനം
പേജ് 10 : പ്രധാന ദിവസങ്ങൾ
പേജ് 10–11 ബ്യൂറോ വാർത്തകൾ



# തൊഴിൽ അവസരങ്ങൾ

## റെയിൽവേയിൽ 5696 അസിസ്റ്റന്റ് ലോക്കോ പൈലറ്റ്

## തിരുവനന്തപുരം ആർ.ആർ.ബി.യിൽ 70 ഒഴിവ്

വിവിധ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡുകൾ 5696 അസിസ്റ്റന്റ് ലോക്കോ പൈലറ്റ് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.
•തിരുവനന്തപുരം ആർ.ആർ.ബി.യിൽ 70 ഒഴിവ്.
➢**ഫെബ്രുവരി 19 വരെ ഓൺലൈനായി അപേക്ഷിക്കാം.**

**സെൻട്രലൈസ്ഡ് എംപ്ലോയ്മെന്റ് നോട്ടിസ് നമ്പർ: 01/2024.**

•യോഗ്യത: പത്താം ക്ലാസും താഴെ പറയുന്ന ട്രേഡുകളിലൊന്നിൽ എസ്.സി.വി.ടി./എൻ.സി.വി.ടി. അംഗീകൃത ഐ.ടി.ഐ./അപ്രൻ്റിസ്ഷിപ്പും പൂർത്തിയാക്കിയവർ.

•**ട്രേഡുകൾ:** ഫിറ്റർ, ഇലക്ട്രിഷ്യൻ, ഇൻസ്ട്രുമെന്റ്, മെക്കാനിക്, മിൽറൈറ്റ്/ മെയിന്റനൻസ് മെക്കാനിക്, മെക്കാനിക് (റേഡിയോ ആൻഡ് ടി.വി.), ഇലക്ട്രോണിക്സ് മെക്കാനിക്, മെക്കാനിക് (മോട്ടർ വെഹിക്കിൾ), വയർമാൻ, ട്രാക്ടർ മെക്കാനിക്, ആർമേച്ചർ ആൻഡ് കോയിൽ വൈൻഡർ, മെക്കാനിക് (ഡീസൽ), ഹീറ്റ് എൻജിൻ, ടർണർ, മെഷിനിസ്റ്റ്, റഫ്രിജറേഷൻ ആൻഡ് എ.സി. മെക്കാനിക്.

അല്ലെങ്കിൽ മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ്/ഓട്ടമൊബീൽ എൻജിനീയറിങ്ങിൽ 3 വർഷ ഡിപ്ലോമ/തത്തുല്യം.

(ഡിപ്ലോമക്കാർക്കു പകരം എൻജിനീയറിങ് ബിരുദക്കാരെയും പരിഗണിക്കും).

•അവസാന വർഷ ഫലം കാത്തിരിക്കുന്നവർ അപേക്ഷിക്കേണ്ട.

•**പ്രായം (01.07.24–ന്):** 18–30. (അർഹർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ്.)

**ശമ്പളം :** ₹19,900.

**തിരഞ്ഞെടുപ്പ്:** രണ്ടു ഘട്ടമായുള്ള കംപ്യൂട്ടർ ബേസ്ഡ് ടെസ്റ്റ്, കംപ്യൂട്ടർ ബേസ്ഡ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, ഡോക്യുമെന്റ് വെരിഫിക്കേഷൻ, മെഡിക്കൽ പരിശോധന അടിസ്ഥാനമാക്കി. കംപ്യൂട്ടർ ബേസ്ഡ് ടെസ്റ്റ് 1, 2 എന്നിവയ്ക്ക് ഇംഗ്ലിഷ്, ഹിന്ദിക്കു പുറമേ മലയാളവും പരീക്ഷാ മാധ്യമമായി തിരഞ്ഞെടുക്കാം. പരീക്ഷ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.
**ഫീസ്:** 500 രൂപ. ആദ്യ ഘട്ട സി.ബി.ടി.ക്കു ശേഷം 400 രൂപ തിരികെ നൽകും. പട്ടികവിഭാഗം, വിമുക്തഭടൻ, സ്ത്രീകൾ, ട്രാൻസ്ജെൻഡർ, ന്യൂനപക്ഷവിഭാഗക്കാർ, ഇ.ബി.സി. എന്നിവർക്ക് 250 രൂപ മതി. ആദ്യ ഘട്ട സി.ബി.ടി.ക്കു ശേഷം 250 രൂപ തിരികെ നൽകും. ബാങ്ക് ചാർജുകൾ ഈടാക്കുന്നതായിരിക്കും. ഓൺലൈനായി ഫീസടയ്ക്കണം.

ഉദ്യോഗാർഥികൾ ഒന്നിലധികം ആർആർബിയിൽ അപേക്ഷിക്കേണ്ട.

**തിരുവനന്തപുരം :** www.rrbthiruvananthapuram.gov.in
**ചെന്നൈ :** www.rrbchennai.gov.in
**ബംഗ്ലൂരു :** www.rrbbnc.gov.in
**മുംബൈ :** www.rrbmumbai.gov.in
**അഹമ്മദാബാദ് :** www.rrbahmedabad.gov.in

## ISRO 265 ഒഴിവ്

### യു.ആർ. റാവു സാറ്റലൈറ്റ് സെന്റർ: 224 ഒഴിവ്

ഐ.എസ്.ആർ.ഒ.യ്ക്ക് കീഴിൽ ബെംഗളൂരുവിലെ യു.ആർ. റാവു സാറ്റലൈറ്റ് സെൻറർ ആൻഡ് ഐ.എസ്.ആർ.ഒ. ടെലിമെട്രി ട്രാക്കിങ് ആൻഡ് കമാൻഡ് നെറ്റ്വർക്കിൽ 224 ഒഴിവ്.

➢ **ഫെബ്രുവരി 16 വരെ ഓൺലൈനായി അപേക്ഷിക്കാം.**

| തസ്തിക | യോഗ്യത | പ്രായം |
|---|---|---|
| സയന്റിസ്റ്റ്/ എൻജിനീയർ | എം.ഇ/ എം.ടെക്./ എം.എസ്.സി. (എൻജി.) / എം.എസ്.സി./ തത്തുല്യ പി. ജി | 18–30 |
| ടെക്നിക്കൽ അസിസ്റ്റൻറ് | എൻജിനീയറിങ് | 18–35 |
| സയന്റിഫിക് അസിസ്റ്റൻറ് | ബി.എസ്.സി. | 18– 35 |
| ലൈബ്രറി അസിസ്റ്റന്റ് | ബിരുദം, ലൈബ്രറി സയൻസ്/ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ പി.ജി./ തത്തുല്യം | 18–35 |
| ടെക്നിഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ | പത്താം ക്ലാസ്, ഐ.ടി.ഐ./ എൻ.ടി.സി./ എൻ.എസി. (എൻ.സി.വി.ടി.) | 18–35 |
| ഫയർമാൻ | പത്താം ക്ലാസ് ജയം/ തത്തുല്യം | 18–25 |
| കുക്ക് | പത്താം ക്ലാസ് ജയം/ തത്തുല്യം, 5 വർഷ പരിചയം | 18–35 |
| ലൈറ്റ് വെഹിക്കിൾ ഡ്രൈവർ | പത്താം ക്ലാസ് ജയം/ തത്തുല്യം, 3 വർഷ പരിചയം | 18–35 |
| ഹെവി വെഹിക്കിൾ ഡ്രൈവർ | പത്താം ക്ലാസ് ജയം/ തത്തുല്യം, 5 വർഷ പരിചയം | 18–35 |

➢ www.ursc.gov.in

### റിമോട്ട് സെൻസിങ് സെന്റർ: 41 ഒഴിവ്

ഐ.എസ്ആ.ർഒ.യ്ക്ക കീഴിൽ ഹൈദരാബാദിലെ നാഷനൽ റിമോട്ട് സെൻസിങ് സെന്ററിൽ 41 ഒഴിവ്.

➢ **ഓൺലൈൻ അപേക്ഷ ഫെബ്രുവരി 12 വരെ.**

• **തസ്തികകൾ:** സയന്റിസ്റ്റ്/ എൻജിനീയർ (അഗ്രികൾച്ചർ, ഫോറസ്ട്രി ആൻഡ് ഇക്കോളജി, ജിയോ ഇൻഫർമാറ്റിക്സ്, ജിയോളജി, ജിയോഫി സിക്സ്, സോയിൽ സയൻസ്, അർബൻ സ്റ്റഡീസ്, വാട്ടർ റിസോഴ്സ്), മെഡിക്കൽ ഓഫിസർ, നഴ്സ്, ലൈബ്രറി അസിസ്റ്റന്റ്.

➢ www.nrsc.gov.in

## ഹിന്ദുസ്ഥാൻ കോപ്പർ: 40 എൻജിനീയർ ട്രെയിനി

കൊൽക്കത്ത ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡിൽ 40 ഗ്രാഡ്വേറ്റ് എൻജിനീയർ ട്രെയിനി.

•**ഒഴിവ്:** 2021/2022/2023 സ്കോർ മുഖേനയാണ് നിയമനം.

➢**ഫെബ്രുവരി 19 വരെ ഓൺലൈനായി അപേക്ഷിക്കാം.**

•ഒഴിവുള്ള വിഭാഗങ്ങൾ: മൈനിങ്, ജിയോളജി, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെൻറേഷൻ, സിവിൽ, മെക്കാനിക്കൽ, സിസ്റ്റം.

➢**www.hindustancopper.com**

## രാമഗുണ്ടം ഫെർട്ടിലൈസേഴ്സ്: 39 അറ്റൻഡന്റ്

രാമഗുണ്ടം ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിൽ 39 അറ്റൻഡന്റ് ഒഴിവ്. തെലങ്കാനയിലാണ് നിയമനം.

➢**ഫെബ്രുവരി 22 വരെ ഓൺലൈനായി അപേക്ഷിക്കാം.**

**ഒഴിവുള്ള ട്രേഡുകൾ:** ഫിറ്റർ, ഡീസൽ മെക്കാനിക്, മെക്കാനിക്- റിപ്പയർ ആൻഡ് മെയിന്റനൻസ് ഓഫ് ഹെവി വെഹിക്കിൾ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് മെക്കാനിക്, ഇൻസ്ട്രുമെൻറേഷൻ മെക്കാനിക്.

➢ **www.rfcl.co.in**

## ഫോർത്ത് പാരാഡിജിം ഇൻസ്റ്റിറ്റ്യൂട്ട്: 17 ഒഴിവ്

ബെംഗളൂരുവിലെ സി.എസ്ഐ.ആർ.–ഫോർത്ത് പാരാഡിജിം ഇൻസ്റ്റിറ്റ്യൂട്ടിൽ 17 ഒഴിവ്.

➢**ഓൺലൈൻ അപേക്ഷ ഫെബ്രുവരി 29 വരെ**

•**തസ്തികകൾ:** ടെക്നിക്കൽ അസിസ്റ്റന്റ് (15 ഒഴിവ്), ടെക്നീഷ്യൻ (1),ഡ്രൈവർ (1).

➢ www.csir4pi.res.in

## ബ്രെയ്ത്ത്‌വെയ്റ്റ് കമ്പനി: 13 ഒഴിവ്

കേന്ദ്ര സർക്കാർ സ്ഥാപനമായ കൊൽക്കത്തയിലെ ബ്രെയ്ത്ത്‌വെയ്റ്റ് ആൻഡ് കമ്പനി ലിമിറ്റഡിൽ 13 ഒഴിവ്.

➢ഫെബ്രുവരി 15 വരെ അപേക്ഷിക്കാം.

•**തസ്തികകൾ:** ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ, എക്സിക്യൂട്ടീവ് (ബിസിനസ് ഡവലപ്മെന്റ്), മെയിൻറനൻസ് അസിസ്റ്റന്റ്. ടെക്നീഷ്യൻ (പ്രൊഡക്ഷൻ).

➢ **www.braithwaiteindia.com**

## SAI: 25 യങ് പ്രഫഷനൽ

ഡൽഹി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ 25 യങ് പ്രഫഷനൽ (ജനറൽ മാനേജ്മെന്റ്) ഒഴിവ്

- 2 വർഷ കരാർ നിയമനം.
- **ഫെബ്രുവരി 5 വരെ ഓൺലൈനായി അപേക്ഷിക്കാം.**

•**യോഗ്യത:** ഏതെങ്കിലും പി.ജി./ബി.ഇ./ ബി.ടെക്./ പി.ജി. ഡിപ്ലോമ ഇൻ മാനേജ് മെന്റ്/ എം.ബി.ബി.എസ്./ എൽ.എൽ.ബി./ സി.എ./ ഐ.സി.ഡബ്ല്യു.എ./ ഏതെങ്കിലും പ്രഫഷനൽ ബിരുദം, 1 വർഷ പരിചയം.

•**പ്രായപരിധി** : 32
•**ശമ്പളം :** ₹50,000

- [www.sportsauthorityofindia.nic.in](http://www.sportsauthorityofindia.nic.in)

## സൈന്യത്തിൽ ടെക്നിക്കൽ എൻട്രി എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് അവസരം

ഇന്ത്യൻ ആർമിയിൽ ടെക്നിക്കൽ എൻട്രി വിജ്ഞാപനം പ്രസിദ്ധീകരിച്ചു.
•എൻജിനിയറിങ് ബിരുദധാരികൾക്കാണ് അവസരം.
•അവിവാഹിതരായ പുരുഷന്മാർക്കും വനിതകൾക്കും അപേക്ഷിക്കാം.
•ഷോർട്ട് സർവീസ് കമ്മിഷൻ വ്യവസ്ഥകൾ പ്രകാരമുള്ള വിജ്ഞാപനമാണ്.
• 79 ഒഴിവുണ്ട്.
•ഇതുകൂടാതെ, സായുധസേനകളിൽ സർവീസിലിരിക്കെ മരിച്ചവരുടെ വിധവകളിൽ നിന്ന് രണ്ടൊഴിവിലേക്കും (ടെക്നിക്കൽ/നോൺ -ടെക്നിക്കൽ) അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

- **2024 ഒക്ടോബറിൽ പ്രീ-കമ്മിഷനിങ് ട്രെയിനിങ് അക്കാദമിയിൽ കോഴ്സാരംഭിക്കും.**

•**ശമ്പളം : ₹56,100–₹1,77,500**
•**പ്രായം : 20–27 വയസ്സ്.**
അപേക്ഷകർ 1997 ഒക്ടോബർ രണ്ടിനും 2004 ഒക്ടോബർ ഒന്നിനും ഇടയിൽ ജനിച്ചവർ (രണ്ട് തീയതികളുമുൾപ്പെടെ). സർവീസിലിരിക്കെ മരിച്ചവരുടെ വിധവകൾക്ക് 35 വയസ്സാണ് ഉയർന്ന പ്രായപരിധി.

•**യോഗ്യത :** എൻജിനിയറിങ് ബിരുദം. അവസാനവർഷ വിദ്യാർഥികൾക്കും നിർദിഷ്ടസമയത്തിനകം സർട്ടിഫിക്കറ്റ് ഹാജരാക്കാമെന്ന വ്യവസ്ഥയോടെ അപേക്ഷിക്കാം.

•**വിഷയങ്ങളും ഒഴിവും :** സിവിൽ–75, കംപ്യൂട്ടർ സയൻസ്–60, ഇലക്ട്രിക്കൽ–33, ഇലക്ട്രോണിക്സ്–64, മെക്കാനിക്കൽ–101, മറ്റ് വിഷയങ്ങൾ–17 എന്നിങ്ങനെയാണ് പുരുഷന്മാർക്കുള്ള ഒഴിവുകൾ. സിവിൽ–7, കംപ്യൂട്ടർ സയൻസ്–4, ഇലക്ട്രിക്കൽ–3, ഇലക്ട്രോണിക്സ്–6, മെക്കാനിക്കൽ–9 എന്നിങ്ങനെയാണ് വനിതകൾക്കുള്ള ഒഴിവുകൾ. അനുബന്ധവിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

സർവീസിലിരിക്കെ മരിച്ചവരുടെ വിധവകൾക്കായുള്ള നോൺ-ടെക്നിക്കൽ എസ്.എസ്.സി. റിക്രൂട്ട്മെൻറിലെ ഒരൊഴിവിലേക്ക് എൻജിനിയറിങ് ഒഴികെയുള്ള ബിരുദധാരികൾക്കും അപേക്ഷിക്കാം. എൻജിനിയറിങ് ബിരുദതലത്തിലെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്.

● **ലെഫ്റ്റനന്റ് റാങ്കിൽ നിയമനം**

അക്കാദമിയിലെ പരിശീലനകാലയളവിൽ 56,100 രൂപ സ്റ്റൈപ്പെൻഡ് ലഭിക്കും. 49 ആഴ്ചയാണ് പരിശീലന കാലാവധി. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവരെ ലെഫ്റ്റനന്റ് റാങ്കിൽ ഷോർട്ട് സർവീസ് കമ്മിഷൻ (ടെക്നിക്കൽ) ഓഫീസറായി നിയമിക്കും. തുടക്കത്തിൽ 10 വർഷത്തേക്കായിരിക്കും നിയമനം. കാലാവധി നാലുവർഷം കൂടി നീട്ടിക്കിട്ടാം. കൂടാതെ, 10 വർഷത്തിനുശേഷം പെർമനൻറ് കമ്മിഷൻ നിയമനത്തിനായി യോഗ്യരായവർക്ക് അപേക്ഷിക്കാനും സാധിക്കും.

● **അപേക്ഷ**

വിശദവിവരങ്ങൾ www.joinindianarmy.nic.in ലഭിക്കും. ഇതേ വെബ്സൈറ്റ് വഴി അപേക്ഷിക്കണം. ആധാർ നമ്പറും പത്താം ക്ലാസ് സർട്ടിഫിക്കറ്റും ഓൺലൈൻ രജിസ്ട്രേഷന് നിർബന്ധമാണ്.

➢ **അവസാന തീയതി: ഫെബ്രുവരി 21.**

## സുപ്രീം കോടതിയിൽ 90 ലോ ക്ലാർക്ക് കം റിസർച് അസോഷ്യേറ്റ്

• സുപ്രീം കോടതിയിൽ 90 ലോ ക്ലാർക്ക് കം റിസർച് അസോഷ്യേറ്റ് ഒഴിവ്. കരാർ നിയമനം.

➢ **ഫെബ്രുവരി 15 വരെ അപേക്ഷിക്കാം**
www.sci.gov.in

● **യോഗ്യത:** നിയമ ബിരുദം, കംപ്യൂട്ടർ പരിജ്ഞാനം. അവസാന വർഷ വിദ്യാർഥികൾക്കും അപേക്ഷിക്കാം.

● **പ്രായം :** 20–32.

● **ശമ്പളം:** 80,000 രൂപ

● **തിരഞ്ഞെടുപ്പ്:** എഴുത്തുപരീക്ഷ, ഇന്റർവ്യൂ വഴി. തിരുവനന്തപുരത്തും പരീക്ഷാ കേന്ദ്രമുണ്ട്.

● ഫീസ്: 500 രൂപ., ഫീസ് ഓൺലൈനായി അടയ്ക്കണം.

## എൻ.ടി.പി.സി.യിൽ 223 അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

• ന്യൂഡൽഹി എൻടിപിസി ലിമിറ്റഡിൽ 223 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് (ഓപ്പറേഷൻസ്) ഒഴിവ്.

•3 വർഷ നിയമനം,
•2 വർഷം കൂടി നീട്ടിയേക്കാം.
➢**അപേക്ഷ ഫെബ്രുവരി 8 വരെ.**
➢www.careers.ntpc.co.in
•**യോഗ്യത:** ബിടെക് (ഇലക്ട്രിക്കൽ/ മെക്കാനിക്കൽ) ഒരു വർഷം പരിചയം.
•**പ്രായപരിധി:** 35.
•**ശമ്പളം:** 55,000 രൂപ
•**ഫീസ്:** 300 രൂപ. പട്ടികവിഭാ, ഭിന്നശേഷി, വിമുക്തഭട, വനിതാ അപേക്ഷകർക്ക ഫീസില്ല.

## പൊതുവിജ്ഞാനം

1. മഹാത്മ ഗാന്ധി രക്തസാക്ഷി ദിനം?
**Ans ജനുവരി 30**
2. അടുത്തിടെ ഇടുക്കിയിലെ കുളമാവിൽനിന്ന് കണ്ടെത്തിയ പുതിയ ഇനം ഓന്ത് ?
**Ans: വടക്കൻ കങ്കാരു ഓന്ത്**
3. പുതിയ ടെലികോം റെഗുലേറ്ററി അതോറിറ്റി ചെയർപേഴ്സൺ ?
**Ans: അനിൽകുമാർ ലഹോട്ടി**
4. 2024 ജനുവരിയിൽ പ്രകാശനം ചെയ്ത 'ചെക്കോവ് ആൻഡ് ഹിസ് ബോയ്സ്' എന്ന ഇംഗ്ലീഷ് ചെറുകഥാസമാഹാരത്തിന്റെ രചയിതാവ് ?
**Ans : സി. വി. ആനന്ദബോസ്**
5. 2024 ജനുവരിയിൽ ലക്ഷ്യങ്ങൾ പൂർത്തിയാക്കിയ ഐ.എസ്.ആർ.ഒ വിക്ഷേപിച്ച ചെലവു കുറഞ്ഞ ബഹിരാകാശ പ്ലാറ്റ്ഫോം ?
**Ans : പോയം-3**
6. 2024 ജനുവരിയിൽ, വിവിധ ആവശ്യങ്ങളുന്നയിച്ച് കർഷക സമരം നടക്കുന്ന യൂറോപ്യൻ രാജ്യം ?
**Ans: ഫ്രാൻസ്**
7. 2024 ഫെബ്രുവരിയിൽ വിക്ഷേപിക്കുന്ന ഇന്ത്യയുടെ പുതിയ കാലാവസ്ഥാ നിരീക്ഷണ ഉപഗ്രഹം ?
**Ans: ഇൻസാറ്റ്-3DS**
8. കുടുംബശ്രീ ഉല്പാദിപ്പിക്കുന്ന വിഷരഹിത പഴങ്ങളും പച്ചക്കറികളും വിപണിയിൽ ലഭ്യമാക്കുന്നതിനായി ആരംഭിക്കുന്ന ഔട്ട്ലെറ്റുകൾ?
**Ans: നേച്ചേഴ്സ് ഫ്രഷ്**
9. ദേശീയ പത്ര ദിനം?
**Ans: ജനുവരി 29**
10. 2024 ജനുവരിയിൽ അന്തരിച്ച സ്വാതന്ത്ര്യസമര സേനാനിയായ മലയാളി ?
**Ans: കെ. ഉണ്ണീരി**

11. 2024 ജനുവരിയിൽ, മഹാകവി പന്തളം കേരളവർമ്മ സ്മാരക കവിതാ പുരസ്കാരത്തിന് അർഹനായത് ?

**Ans: കെ. രാജഗോപാൽ**

12. അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയം ഉൾക്കൊള്ളുന്ന ഇന്ത്യയിലെ ആദ്യത്തെ കാർബൺന്യൂട്രൽ സ്പോർട്സ് സിറ്റി നിലവിൽ വരുന്ന ജില്ല?

**Ans: എറണാകുളം**

13. ഓൺലൈൻ ഡേറ്റാബേസ് ആയ നംബിയോയുടെ റിപ്പോർട്ട് അനുസരിച്ച് ലോകത്തെ ഏറ്റവും സുരക്ഷിതമായ നഗരം?

**Ans : അബൂദാബി**

14. ഇന്ത്യ സൗദി അറേബ്യ ആദ്യ സംയുക്ത സൈനിക അഭ്യാസം?

**Ans: സദാ തൻസീഖ്**

15. 2024 ജനുവരിയിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് ലൈസൻസ് നിർബന്ധിതമാക്കാൻ തീരുമാനിച്ച സംസ്ഥാനം?

**Ans: കേരളം**

16. പുതുക്കിയ കണക്കുകൾ പ്രകാരം ലോകത്തിലെ ഏറ്റവും വലിയ കോടീശ്വരൻ?

**Ans: ബെർണാഡ് ആർനോൾട്ട്**

17. 2024 കലിംഗ കപ്പ് ഫുട്ബോൾ ജേതാക്കൾ ?

**Ans: ഈസ്റ്റ് ബംഗാൾ**

18. ഓസ്ട്രേലിയൻ ഓപ്പൺ ഗ്രാൻസ്ലാം പുരുഷ സിംഗിൾസ് കിരീടം നേടിയ ഇറ്റാലിയൻ യുവ താരം?

**Ans: യാനിക്ക് സിന്നർ**

19. ഇൻറർനാഷണൽ ലിറ്ററേച്ചർ ഫെസ്റ്റിവൽ ഓഫ് കേരള 2024 ൻറെ വേദി?

**Ans: ത്രിശ്ശൂർ**

20. പത്മശ്രീ പുരസ്കാരം ലഭിക്കുന്ന ആദ്യ തെയ്യം കലാകാരൻ ?

**Ans: ഇ. പി. നാരായണൻ പെരുവണ്ണാൻ**

21. നാടൻകലാ ഗവേഷണ പാഠശാലയുടെ സാഹിത്യശ്രേഷ്ഠ പുരസ്കാരത്തിന് അർഹനായത് ?

**Ans: സുഭാഷ് ചന്ദ്രൻ**

22. സംസ്ഥാനത്ത് ആദ്യമായി തുളസീവനം ആരംഭിച്ച ഇക്കോട്ടൂറിസം കേന്ദ്രം ?

**Ans: കോന്നി ഇക്കോട്ടൂറിസം കേന്ദ്രം**

23. മുൻമന്ത്രി കെഎം മാണിയുടെ ആത്മകഥ?

**Ans: ആത്മകഥ**

24. കരസേനയിലെ ആദ്യ വനിതാ സുബേദാർ ?

**Ans: പ്രീതി രജക് (മധ്യപ്രദേശ്)**

25. ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിലെ അതിവേഗ ട്രിപ്പിൾ നേടിയത് ആര് ?

**Ans: തൻമയ് അഗർവാൾ**

## ഫെബ്രുവരി മാസത്തിലെ ദിനങ്ങൾ

- ഫെബ്രുവരി 1 – തീരദേശ സംരക്ഷണ ദിനം
- ഫെബ്രുവരി 1 – **Indian Coast Guard Day**
- ഫെബ്രുവരി 2 – ലോക തണ്ണീർത്തട ദിനം
- ഫെബ്രുവരി 4 – ലോക അർബുദ ദിനം
- ഫെബ്രുവരി 6 – വനിതകളുടെ ചേലാ കർമ്മത്തിന് എതിരെയുള്ള ദിനം [1]
- ഫെബ്രുവരി 7 – ഇന്റർനെറ്റ് സുരക്ഷാ ദിനം
- ഫെബ്രുവരി 11– സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷാ ദിനം
- ഫെബ്രുവരി 12 – ചാൾസ് ഡാർവ്വിൻ ദിനം
- ഫെബ്രുവരി 13 – ലോക റേഡിയോ ദിനം
- ഫെബ്രുവരി 13 – ലോക അപസ്മാര ദിനം ( ഫെബ്രുവരിയിലെ രണ്ടാമത്തെ തിങ്കളാഴ്ച )
- ഫെബ്രുവരി 14 – വാലന്റൈൻസ് ദിനം
- ഫെബ്രുവരി 20 – ലോക സാമൂഹിക നീതി ദിനം
- ഫെബ്രുവരി 20 – അരുണാചൽ പ്രദേശ് ദിനം
- ഫെബ്രുവരി 21 – ലോക മാതൃഭാഷാദിനം
- ഫെബ്രുവരി 22 – ലോക ചിന്താദിനം
- ഫെബ്രുവരി 24 – ദേശീയ എക്സൈസ് ദിനം
- ഫെബ്രുവരി 28 – ദേശീയ ശാസ്ത്ര ദിനം
-

## ഡിഗ്രി ലെവൽ പി.എസ്.സി. സൗജന്യ പരീക്ഷാപരിശീലനം സമാപനം

കോട്ടയം: മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫോർമേഷൻ & ഗൈഡൻസ് ബ്യൂറോ വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണ 2023–24 ഫണ്ട് ഉപയോഗിച്ച് നടത്തിയ 22 ദിവസത്തെ സൗജന്യ ഡിഗ്രി ലെവൽ മത്സരപരീക്ഷാ പരിശീലന ക്ലാസ്സ് 2023 ഡിസംബർ 20 ന് ആരംഭിച്ച് 19.01.2024 ന് അവസാനിച്ചു. സമാപന ദിവസം ക്ലാസിൽ മുൻകാല പി.എസ്.സി ചോദ്യങ്ങളെ അടിസ്ഥാനമാക്കി മോക്ക് ടെസ്റ്റ് നടത്തുകയും അതിൽ വിജയം കൈവരിച്ച ആദ്യ രണ്ട് സ്ഥാനക്കാർക്ക് പി.എസ്.സി. ചോദ്യോത്തരപുസ്തകം സമ്മാനം നൽകി

സമാപനചടങ്ങിൽ ശ്രീ. വിജയകുമാർ ജി., ശ്രീ. ബിജു എൻ., ശ്രീ. റോണി കൃഷ്ണൻ, ശ്രീ. അഭിലാഷ് പി. യു, ശ്രീ. ബിജുകുമാർ ശ്രീ. റിയാസ് കെ. എ., എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് സൗജന്യ പഠനോപകരണ വിതരണവും നടന്നു.

# ഡിഗ്രി ലെവൽ പി.എസ്.സി. സൗജന്യ പരീക്ഷാപരിശീലനം സമാപനം – ഗാലറി



DE/2554/2023-Q4
2113133/2024/FC DE



*Published by*

# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

MAHATMA GANDHI UNIVERSITY, KOTTAYAM
Phone: 0481-2731025, E-Mail: ugbktm.emp.lbr@kerala.gov.in